## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 233 | 09.03.2015-ൽ മറുപടി നൽകിയത്.

### അരൂർ ഫയർ സ്റ്റേഷൻ കെട്ടിടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം.ആരിഫ്: | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് മേഖലയിലും പരിസരത്തുമായി കഴിഞ്ഞ നാല് വർഷങ്ങളിൽ തീപിടിത്തവും അമോണിയ ലീക്ക് ചെയ്യുന്നതും ഉൾപ്പെടെയുള്ള അപകടങ്ങൾ എത്ര തവണ നടന്നുവെന്ന് വ്യക്തമാക്കാമോ; | : (എ) അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് മേഖലയിലും പരിസരത്തുമായി കഴിഞ്ഞ നാല് വർഷങ്ങളിൽ 55 ഫയർ കോൾ, 91-ഇൻസിഡന്റ് കോൾ എന്നിവ ഉണ്ടായി. ഇതിൽ അമോണിയലീക്ക് ചെയ്ത അപകടം 8 എണ്ണമുണ്ടായിരുന്നു. |
| (ബി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നതിനാൽ അവിടെ ഒരു ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനു വേണ്ടി ആലപ്പുഴ ജില്ലാ കളക്ടർ യോഗം വിളിച്ചു ചേർത്തിട്ടുണ്ടോ; എങ്കിൽ ജനപ്രതിനിധികൾ ഉൾപ്പെടെ ആരെല്ലാം പങ്കെടുത്തു; യോഗതീരുമാനങ്ങളുടെ പകർപ്പ് നൽകുമോ; | : (ബി) ഉണ്ട്. 18.09.2014-ൽ ആലപ്പുഴ ജില്ലാ കളക്ടർ യോഗം വിളിച്ചുകൂട്ടിയിരുന്നു. പങ്കെടുത്തവരുടെ ലിസ്റ്റും യോഗ തീരുമാനങ്ങളുടെ മിനിറ്റ്സിന്റെ പകർപ്പും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (സി) അതുപ്രകാരം അഗ്നിശമന വകുപ്പ് ഫയർ സ്റ്റേഷൻ നിർമ്മാണത്തിനായി സ്ഥലം വിട്ടു നൽകുന്നതിനായി ജില്ലാ വ്യവസായ കേന്ദ്രത്തിനോ വ്യവസായ വകുപ്പിനോ അപേക്ഷ നൽകിയോ; ഇൻഡസ്ട്രീസ് ഡയറക്ടറുടെ മറുപടി എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; | : (സി) അത് പ്രകാരം അഗ്നിശമന വകുപ്പ് ഫയർ സ്റ്റേഷൻ നിർമ്മാണത്തിനായി സ്ഥലം വിട്ടുനൽകുന്നത് സംബന്ധിച്ച് ആലപ്പുഴ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരെ നേരിൽ കണ്ട് ടി വിഷയം ചർച്ച ചെയ്തപ്പോൾ ടി സ്ഥലവുമായി ബന്ധപ്പെട്ട് കേസ് നിലനിൽക്കുകയാണെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (ഡി) ബി.എസ്.എൻ.എൽ ന്റെ കൈവശമുള്ള ഭൂമി അനസ് എന്ന വ്യവസായിക്ക് അനുവദിച്ചതും അതിന്മേൽ ബി.എസ്.എൻ.എൽ ബഹു. ഹൈക്കോടതിയെ സമീപിച്ചെങ്കിലും ഭൂമി അനസ്സിന് കൈമാറ്റം ചെയ്ത വ്യവസായ വകുപ്പിന്റെ നടപടി ബഹു. ഹൈക്കോടതി ശരിവെച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | : (ഡി) ടെലിഫോൺ എക്സ്ചേഞ്ച് സ്ഥാപിക്കുന്നതിനായി പി & റ്റി ഡിപ്പാർട്ട്മെന്റിന് (ബി.എസ്.എൻ.എൽ) 13.12.1971-ൽ ലീസ് അടിസ്ഥാനത്തിൽ സർവ്വേ നമ്പർ 409/8 ബി3-ൽ പ്പെട്ട സ്ഥലവും കെട്ടിടവും അനുവദിച്ചിരുന്നു. എന്നാൽ പദ്ധതി ബി.എസ്.എൻ.എൽ ഉപേക്ഷിച്ച സാഹചര്യത്തിൽ അരൂർ ഡവലപ്പ്മെന്റ് |

ഏരിയായിലെ സർവ്വേ നമ്പർ 409/8 ബി3-ൽപ്പെട്ട 15.12 സെന്റ് സ്ഥലം ബി.എസ്.എൻ.എൽ-ൽ നിന്ന് തിരിച്ചെടുത്ത് ശ്രീ.എം.എസ്. അനസ്സിന് അനുവദിച്ചിരുന്നു. ഇതിനെതിരെ ബി.എസ്.എൻ.എൽ ഫയൽ ചെയ്ത ഡബ്ള്യൂ.പി (സി) നമ്പർ 613/2006 ലെ വിധിയിൽ ചീഫ് സെക്രട്ടറി അധ്യക്ഷനായുള്ള ഒരു കമ്മിറ്റി രൂപീകരിച്ച് ഉചിതമായ തീരുമാനമെടുക്കാൻ ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി ബി.എസ്.എൻ.എൽ-ന്റെ ഭൂമി തിരിച്ചെടുത്ത് ശ്രീ.അനസ്സിന് അനുവദിച്ച ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ നടപടി സാധൂകരിക്കുകയും തുടർന്ന് ഉത്തരവിറക്കുകയും ചെയ്തു. എന്നാൽ ടി കമ്മിറ്റിയുടെ തീരുമാനം ചോദ്യം ചെയ്തുകൊണ്ട് ബി.എസ്.എൻ.എൽ ബഹു. ഹൈക്കോടതിയിൽ ഡബ്ള്യൂ.പി (സി) നമ്പർ 16655/09 ഫയൽ ചെയ്തു. തുടർന്ന് ബഹു. ഹൈക്കോടതി ഇതു സംബന്ധിച്ച തുടർനടപടികളെല്ലാം കേസ് തീർപ്പാകുന്നതു വരെ സ്റ്റേ ചെയ്തു. കേസ് തീർപ്പായിട്ടില്ല. കോടതി നടപടികൾ നീണ്ടുപോകുന്നതിനാൽ ശ്രീ. എം.എസ്. അനസിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ബിഎസ്എൻഎൽ-ൽ നിന്ന് തിരിച്ചെടുത്ത് അനുവദിച്ച സ്ഥലത്തിന് പകരമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്ന് തിരിച്ചെടുത്ത സർവ്വേ നമ്പർ 409/8 ബി-ൽ ഉൾപ്പെട്ട 18.1 സെന്റ് സ്ഥലം അദ്ദേഹത്തിന് അനുവദിച്ചിട്ടുണ്ട്.

(ഇ) ഈ സ്ഥലം ഫയർ സ്റ്റേഷൻ ആവശ്യത്തിന് വിട്ടുതരുവാൻ ശ്രീ. അനസ് സമ്മതിച്ചതിന് പകരമായി മറ്റൊരു സ്ഥലം അദ്ദേഹത്തിന് നൽകുന്നതിന് തീരുമാനിച്ചത് പാലിക്കാതെ വ്യവസായ വകുപ്പ് മറ്റൊരാൾക്ക് കൊടുക്കുവാൻ തീരുമാനിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

:(ഇ) അരൂർ വ്യവസായ വികസന ഏരിയായിലെ ഒരു യൂണിറ്റിൽ ഉണ്ടായ തീപിടുത്തത്തെ തുടർന്ന് ടി വ്യവസായ മേഖലയിൽ ഒരു ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി നടന്ന ചർച്ചയിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള അനുയോജ്യമായ സ്ഥലങ്ങളുടെ പട്ടികയിൽ ബി.എസ്.എൻ.എൽ-ന്റെ സ്ഥലവും ഉൾപ്പെട്ടിരുന്നു. എന്നാൽ ടി സ്ഥലത്തിന് പകരം ശ്രീ.അനസ്സിന് പകരം സ്ഥലം അനുവദിച്ചിട്ടുള്ളതിനാലും ബി.എസ്.എൻ.എൽ-ൽ നിന്ന് പിടിച്ചെടുത്ത ഭൂമി ശ്രീ. അനസ്സിനു

കൈമാറിയ നടപടി ബഹു. ഹൈക്കോടതി സ്റ്റേ ചെയ്ത സാഹചര്യത്തിലും ടി സ്ഥലം ശ്രീ.എം.എസ്. അനസ്സ് വിട്ടുകൊടുക്കേണ്ടി വരുന്ന സാഹചര്യമില്ല. ശ്രീ. എം.എസ്. അനസ്സിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന് 18.1 സെന്റ് സ്ഥലം അനുവദിക്കുകയും ടി സ്ഥലത്ത് യൂണിറ്റ് ആരംഭിക്കുന്നതിന് അദ്ദേഹത്തിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഇനിയും അദ്ദേഹത്തിന് ഭൂമി അനുവദിക്കേണ്ട സാഹചര്യം നിലവിലില്ല.

(എഫ്) അരൂർ പോലീസ് സ്റ്റേഷൻ നിന്നിരുന്ന സ്ഥലം ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി അപേക്ഷിക്കുന്നതിന് തടസ്സമുണ്ടോ; ഇല്ലെങ്കിൽ നിർദ്ദിഷ്ട പോലീസ് സ്റ്റേഷൻ കെട്ടിടം പൊളിച്ചു മാറ്റി കെട്ടിടം നിർമ്മിച്ചു തന്നാൽ അവിടെ ഫയർ സ്റ്റേഷൻ അനുവദിക്കുമോ;

(ജി) പോലീസ് സ്റ്റേഷൻ നിന്നിരുന്ന സ്ഥലത്തിന് അപേക്ഷ നൽകുവാൻ അഗ്നിശമന വകുപ്പിന് അടിയന്തിര നിർദ്ദേശം നൽകുമോ?

(എഫ് & ജി) പ്രസ്തുത സ്ഥലം ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുയോജ്യമാണോ എന്ന് പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ